**105 (731) നിയമവകുപ്പിലെ പ്യൂൺ തസ്തികയിലെ ഒഴിവുകൾ**

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിലെ പ്യൂൺ സുകുമാരൻനായരെ എന്നാണ് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ബി) അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) നിയമവകുപ്പിലെ ആകെയുള്ള പ്യൂൺമാരുടെ എണ്ണം എത്ര യാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ഇ) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(എഫ്) ഒഴിവുകൾ നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയമവകുപ്പിലെ ഡഫേദാർ ശ്രീ. സി. സുകുമാരൻ നായരെ 25.8.98-ന് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. പ്യൂൺ തസ്തികയിൽ ആരെയും സസ്പെന്റ് ചെയ്തിട്ടില്ല.

(ബി) ഉണ്ട്. അദ്ദേഹത്തെ 15.3.99-ലെ ജി.ഒ. (ആർ.ടി.) നം. 360/99/നിയമം ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. 25.8.98 മുതൽ 14.3.99 വരെയുള്ള സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവായിട്ടുള്ളതാകുന്നു.

(സി) നിയമവകുപ്പിൽ ആകെ 42 (നാൽപ്പത്തിരണ്ട്) പ്യൂൺ തസ്തിക കൾ ഉണ്ട്.

(ഡി) ഇപ്പോൾ 34 പേർ ജോലി ചെയ്യുന്നുണ്ട്.

(ഇ) ഏഴ് ഒഴിവുകൾ നിലവിലുണ്ട്.

(എഫ്) നിലവിലുള്ള ഏഴ് ഒഴിവുകളിൽ നാല് ഒഴിവുകൾ നികത്തുന്ന തിനുള്ള നിയമന ശുപാർശ പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസിൽനിന്നും പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന രണ്ട് ഒഴിവ് വകുപ്പിതര മാറ്റം മുഖേന നികത്തുന്നതിനു വേണ്ട ഉത്തരവ് പുറപ്പെടുവിക്കുകയും മറ്റൊരു ഒഴിവിൽ താത്ക്കാലിക നിയമനം മുഖേന ടി വകുപ്പിൽ 180 ദിവസം ജോലി നോക്കിയി രുന്ന ഒരു വികലാംഗയ്ക്ക് പുനർനിയമനം നൽകുന്നതും പരിഗണനയിലുണ്ട്. 14.8.97 മുതൽ അനധികൃതമായി ജോലിയിൽ പ്രവേശിക്കാത്ത ഒരു പ്യൂണിന്റെ ഒഴിവ് മേൽപ്പറഞ്ഞ ഏഴ് ഒഴിവുകളിൽപ്പെടുത്തിയിട്ടില്ല.

**106 (732) ആരോഗ്യവ്യവസ്ഥാ പദ്ധതികൊണ്ടുള്ള പ്രയോജനം**

ശ്രീ. എം. മുരളി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly